പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് മറ്റ് വിവിധ പദ്ധതികളും മിൽമ ക്ഷീരസംഘങ്ങളിലൂടെ നടപ്പിലാക്കിവരുന്നുണ്ട്. ആയതിനാൽ ക്ഷീരകർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ പാൽ ഇറക്കുമതിയിലൂടെ മിൽമ തട്ടിയെടുക്കുന്നു എന്ന പരാതിക്ക് അടിസ്ഥാനമില്ല.

(സി) മിൽമ മൂന്ന് മേഖലാ യൂണിയനുകളിലുംകൂടി സംസ്ഥാനത്തൊട്ടാകെ ഗ്രാമീണ മേഖലകളിൽ പ്രവർത്തിക്കുന്ന മൂവായിരത്തോളം പ്രാഥമിക ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽനിന്നും നിലവിൽ പാൽ ശേഖരിക്കുന്നുണ്ട്. ക്ഷീരസഹകരണ സംഘങ്ങളില്ലാത്ത സ്ഥലങ്ങളിൽ സംഘങ്ങൾ രൂപീകരിക്കുന്ന മുറയ്ക്ക് പാൽ ശേഖരിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ നാഷണൽ ഡയറി പ്ലാൻ പദ്ധതിപ്രകാരം പുതിയ സൊസൈറ്റികൾ സംസ്ഥാനത്ത് മിൽമയുടെ മേൽനോട്ടത്തിൽ രൂപീകരിക്കുന്നുണ്ട്.

(ഡി) ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിൽനിന്നും പാലിന്റെ പ്രാദേശിക വില്പനയ്ക്ക് ശേഷമുള്ള മുഴുവൻ പാലും മിൽമ മേഖലാ യൂണിയനുകൾവഴി സംഭരിക്കുന്നുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ പ്രകാരം പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ മിൽമയുടെ മേഖലാ യൂണിയനുകൾ ചെയ്തുവരുന്നുണ്ട്.

സംസ്ഥാനത്ത് വിതരണത്തിന് തികയാത്ത പാൽ മാത്രമാണ് അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നത്.

സംസ്ഥാനത്തെ പാലുല്പാദനം വർദ്ധിപ്പിച്ച് അന്യസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന പാലിന്റെ അളവ് കുറച്ചുകൊണ്ടുവരുന്നതിനാണ് മിൽമ നടപടികൾ സ്വീകരിച്ചുവരുന്നത്.

കേരളത്തിനെ പ്രതികൂലമായി ബാധിക്കുന്ന കരാറുകൾ

9 (T*429) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) WTO, ആസിയാൻ കരാർ, RECP മുതലായ ഒപ്പിട്ടതും ഒപ്പിടേണ്ടതുമായ കരാറുകൾ കേരളത്തിന് എന്തെല്ലാം ദോഷങ്ങൾ ചെയ്യുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കരാറുകളിൽ കൃഷിവകുപ്പ്, മൃഗസംരക്ഷണവകുപ്പ്, ക്ഷീര

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

വികസനവകുപ്പ്, പ്ലാന്റേഷൻ വകുപ്പ് എന്നിവയിലുള്ള കർഷകരെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(സി) കർണ്ണാടകത്തിന്റെ സമ്മർദ്ദംമൂലം കേന്ദ്ര ഗവൺമെന്റ് അടയ്ക്ക ഇറക്കുമതിക്ക് കൂടിയ വില നിശ്ചയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതുപോലെ ഏതെങ്കിലും വിളകൾക്ക് ഇറക്കുമതിക്കുള്ള തറവില നിശ്ചയിക്കുവാനോ ഇനങ്ങളുടെ തറവില ഇവിടത്തെ കർഷകർക്കുവേണ്ടി നിശ്ചയിക്കുന്ന വിലയ്ക്ക് താഴെ ഇറക്കുമതി ചെയ്യുവാനോ പാടില്ലായെന്ന നിർദ്ദേശം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഇ) ഏതെല്ലാം ഉല്പന്നങ്ങളെയും വിളകളെയുമാണ് സെൻസിറ്റീവ് ലിസ്റ്റിലോ ഹൈ സെൻസിറ്റീവ് ലിസ്റ്റിലോ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരിക്കുന്നത് ; അതിനുവേണ്ടിയുള്ള നിയമപരമായ നടപടികൾ എന്തെല്ലാമാണ് സ്വീകരിച്ചിരിക്കുന്നത് ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) വിലയിരുത്തിവരുന്നു.

(ബി) പ്രസ്തുത കരാറുകളിൽനിന്നും കർഷകരെ സംരക്ഷിക്കുവാൻ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഉല്പന്നങ്ങൾ നേരിട്ട് ലേലം ചെയ്ത് വിപണനം നടത്തുന്നതിന് ആറ് മൊത്തവ്യാപാര വിപണികൾ കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. മൃഗസംരക്ഷണ-ക്ഷീരവികസന മേഖലകളിലെ കർഷകർക്കായി കന്നുകുട്ടി പരിപാലനം, ഗോവർദ്ധിനി, ബാക്ക്യാർഡ് കോഴിവളർത്തൽ പദ്ധതി, ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്, എരുമ വളർത്തൽ പദ്ധതി, താറാവ് വളർത്തൽ പദ്ധതി, കൃത്രിമ ബീജസങ്കലനം, സൗജന്യ വിരമരുന്ന് വിതരണം, ധാതുലവണ മിശ്രിത വിതരണം, വെറ്ററിനറി സേവനം എന്നിവ നടപ്പിലാക്കുന്നുണ്ട്.

(സി) അടയ്ക്കയ്ക്ക് കേന്ദ്ര ഗവണ്മെന്റ് മിനിമം ഇംപോർട്ട് പ്രൈസ് കൂട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സ്വാഭാവിക റബ്ബറിന് ഇറക്കുമതിതീരുവ കൂട്ടണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) സ്വാഭാവിക റബ്ബർ, കരുമുളക്, നാളികേരം, ഏലം എന്നിവയെ

LIBRARY ARCHIVES Kerala Legislative Assembly

സെൻസിറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ

10 (*430) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത് ;

(ബി) ഇവർക്കായി പ്രത്യേക റെഫലേറ്ററി ബോർഡ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുവാനായി സ.ഉ. (എംഎസ്.)37/2013/സാ.നീ.വ. തീയതി, 6-5-2013 പ്രകാരം "മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള സംസ്ഥാന നയം-2013" അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത നയത്തിൽ നിർദ്ദേശിച്ച പ്രകാരം വയോജനങ്ങൾക്കുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതിന് വിവിധ ഗവണ്മെന്റ് സെക്രട്ടറിമാരടങ്ങിയ കമ്മിറ്റിക്ക് സ.ഉ. (ആർറ്റി.)402/13/സാ.നീ.വ. തീയതി, 29-7-2013 പ്രകാരം രൂപം നൽകിയിട്ടുണ്ട്.

ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർ, നഴ്സ്, കൗൺസിലർ എന്നിവരുടെ സേവനം കേരളാ സാമൂഹ്യ സുരക്ഷാ മിഷനിലൂടെ നൽകിവരുന്നു. സംസ്ഥാനത്തെ വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിൽ വയോമിത്രം പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ പ്രതിമാസം രണ്ടുതവണ ഓരോ പ്രദേശത്തും സംഘടിപ്പിക്കുന്ന ക്ലിനിക്കിലൂടെ സൗജന്യമായി മരുന്നുകൾ, പാലിയേറ്റീവ് കെയർ, ഹെൽപ് ഡെസ്കിന്റെ സേവനം എന്നിവ ലഭ്യമാക്കുന്നു. കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലെ മുഴുവൻ ക്ഷേമസ്ഥാപനങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ ഒരു മൊബൈൽ ക്ലിനിക്കിലൂടെ ആയുർവേദ ഡോക്ടർ, അലോപ്പതി

LIBRARY ARCHIVES Kerala Legislative Assembly